കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാവന്നൂർ ഗ്രാമപഞ്ചായത്ത് - 2018-19 ൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയ കളരിക്കുന്ന് സ്റ്റേഡിയം റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ബിൽ പ്രകാരമുള്ള ബാക്കി തുക കരാറുകാരന് നൽകാൻ പ്രോജക്ട് തയ്യാറാക്കുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 226/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 01.02.2019

പരാമർശം :- 1. കാവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.11.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/01/2019-ലെ 4.2 നമ്പർ തീരുമാനം .

**ഉത്തരവ്**

കാവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ 450000 രൂപ മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് വകയിരുത്തിയ കളരിക്കുന്ന് സ്റ്റേഡിയം റോഡ് പുനരുദ്ധാരണം എന്ന പദ്ധതിക്ക് (പ്രോ.നം.313/2017-18) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും 235000 രൂപ എസ്റ്റിമേറ്റിന് ടെൻഡർ അംഗീകരിച്ച് എഗ്രിമെന്റ് വെച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പ്രൊജക്ട് ഭേദഗതി സമയത്ത് ടെൻഡർ ബാലൻസ് മാറ്റിയപ്പോൾ 265000 രൂപ തെറ്റായി മാറ്റുകയും പ്രോജെക്ടിൽ 185000 രൂപ നിലനിർത്തുകയും ചെയ്തു.പ്രസ്തുത പ്രോജക്ട് 2018 -19 വർഷത്തിൽ മാറ്റമില്ലാതെ സ്പിൽ ഓവർ പ്രോജക്ടായി 185000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)ക്യാരി ഓവർ ചെയ്യുകയും പാർട്ട് ബില്ലായി 185000 രൂപ അനുവദിക്കുകയും ചെയ്തു. ടെൻഡർ കോട്ട് ചെയ്ത തുകയായ 235000 /- രൂപയിൽ ബാക്കി തുകയായ 50000 /-രൂപ കരാറുകാരന് നൽകുന്നതിന് പ്രോജക്ട് വകയിരുത്തുന്നതിന് അനുമതി നൽകണമെന്ന് കാവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കളരിക്കുന്ന് സ്റ്റേഡിയം റോഡ് പുനരുദ്ധാരണം എന്ന പദ്ധതിയുടെ ടെൻഡർ കോട്ട് ചെയ്ത തുകയായ 235000 /- രൂപയിൽ, ബിൽ പ്രകാരമുള്ള ബാക്കി തുക കരാറുകാരന് നൽകാൻ പ്രോജക്ട് തയ്യാറാക്കുന്നതിന് കാവന്നൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാവന്നൂർ ഗ്രാമപഞ്ചായത്ത്,മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ